# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 22 26.02.2018-ലെ മറുപടിയ്ക്ക്.

## പുതിയ തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | പിണറായി വിജയൻ<br>മുഖ്യമന്ത്രി. | |
| (എ) | സംസ്ഥാനത്ത് പുതുതായി തസ്തികകൾ സൃഷ്ടിക്കുവാൻ പാടില്ലെന്ന ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വിവിധ വകുപ്പുകളിലും സെക്രട്ടേറിയറ്റിലും യൂണിവേഴ്സിറ്റികളിലും നിരവധി ഒഴിവുകൾ ഉണ്ടായിട്ടും നികത്തുവാൻ അധികൃതർ നടപടി സ്വീകരിക്കുന്നില്ലെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സമയാസമയങ്ങളിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളും ഉടനടി തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ വിവിധ വകുപ്പുകളിലെ നിലവിലുള്ള എല്ലാ ഒഴിവുകളും,കമ്പനി/കോർപ്പറേഷൻ/ ബോർഡ്/യൂണിവേഴ്സിറ്റികൾ /സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ പി.എസ്.സി.യ്ക്ക് വിട്ട തസ്തികകളിലെ എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്ന സർക്കുലർ നം. ഉപ.സി.3/536/17/ ഉപഭവ. തീയതി, 07.02.2018-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ 16.08.2017-ലെ AdvC3/304/2017/P&ARD 07.10.2017 ലെ AdvC1/222/2017/)P&ARD, 13.12.2017-ലെ ഉപസി3/428/17/ഉപഭവ. 20.12.2017-ലെ ഉപസി3/141/17/ഉപഭവ. സർക്കുലറുകൾ പ്രകാരവും ഒഴിവുകൾ റിപ്പോർട്ട്ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദമായ വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |

Deep

സെക്ഷൻ ഓഫീസർ.